## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4177 12.11.2019- ൽ മറുപടിക്ക്

### എം.എസ്.എം.ഇ.കൾ ആരംഭിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.കെ.യു. ജനീഷ് കുമാർ<br>ശ്രീ.വി. ജോയി<br>ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ വർദ്ധിച്ച് വരുന്ന ജനസാന്ദ്രതയും സ്ഥലദൗർലഭ്യവും പരിഗണിച്ച് വൻകിട വ്യവസായങ്ങളെക്കാൾ അനുയോജ്യമായത് സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങളാണെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പ് നടത്തി വരുന്ന പ്രവർത്തനത്തിന്റെ ഫലമായുണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31/10/2019 വരെ സംസ്ഥാനത്ത് 50909 സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 4577.47 കോടി രൂപയുടെ നിക്ഷേപവും 1,78,120 തൊഴിലും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഈ കാലയളവിൽ വകുപ്പ് നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതിയിലൂടെ 179.68 കോടി രൂപയുടെ നിക്ഷേപ സഹായം 4003 സംരംഭകർക്ക് നൽകിയിട്ടുണ്ട്. |
| ബി) | എം.എസ്.എം.ഇ.കൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിനായി നിലവിലുണ്ടായിരുന്ന എന്തെല്ലാം നിയമങ്ങളും ചട്ടങ്ങളുമാണ് ഭേദഗതി വരുത്തുന്നതിന് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) | വ്യവസായം കൂടുതൽ പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതും പ്രവർത്തിപ്പിക്കുന്നതും സുഗമമാക്കുന്നതിനായി ആവശ്യമായ അനുമതികൾക്ക് മൂന്ന് വർഷത്തെ ഇളവ് വരുത്തുന്നതിനായി സംസ്ഥാനത്ത് ഒരു നിയമനിർമ്മാണം കൊണ്ടുവരാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>പ്രസ്തുത നിയമം പ്രാബല്യത്തിൽ വരുമ്പോൾ ചുവടെപ്പറയുന്ന ആറ് നിയമങ്ങളുടെ മേൽ അധിപ്രഭാവം ഉണ്ടായിരിക്കുന്നതാണ്.<br><br>1. 1994 - ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (1994-ലെ 13)<br>2. 1994 - ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994 -ലെ 20)<br>3. 1960 - ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്ട് (1960-ലെ 34) |

| | | | |
|---|---|---|---|
| | | | 4. 2013 - ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്റ്റ് (2013 -ലെ 18)<br>5. 1955 - ലെ ട്രാവൻകൂർ-കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്റ്റ് (1955-ലെ 16)<br>6. 1939 - ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്റ്റ് (1939 -ലെ 3) |
| സി) | കേരള "സിംഗിൾ വിൻഡോ ഇന്റർഫേസ് ഫോർ ഫാസ്റ്റ് ഓൺലൈൻ" സംവിധാനം നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യമാക്കുന്നത് എന്തെല്ലാമാണ്; പ്രസ്തുത ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ? | സി) | വ്യവസായം ആരംഭിക്കുന്നതിനുള്ള കാലതാമസവും മറ്റ് ബുദ്ധിമുട്ടുകളും ലഘൂകരിക്കുന്നതിനായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം കെ-സ്വിഫ്റ്റ് (കേരള സിംഗിൾ വിൻഡോ ഇന്റർഫേസ് ഫോർ ഫാസ്റ്റർ ഡിസ്പോസൽ ആന്റ് ട്രാൻസ്പെരൻസി) 11.02.2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ നിന്നുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ.<br>പൂർണ്ണരൂപത്തിൽ ലഭിക്കുന്ന അപേക്ഷകൾ നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി പരിഗണിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. ഇതുമൂലം വ്യവസായം തുടങ്ങുവാനുള്ള കാലതാമസവും, ബുദ്ധിമുട്ടും ലഘൂകരിക്കാൻ സാധിക്കും.<br>കെ-സ്വിഫ്റ്റ് സംവിധാനത്തിന്റെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുവാനും ഇതു സംബന്ധിച്ചുള്ള പരാതികൾ, സംശയങ്ങൾ എന്നിവ ദൂരീകരിക്കുവാനും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, സംരംഭകർ തുടങ്ങിയവർക്ക് ട്രെയിനിംഗ് നൽകി സുഗമമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിനുമായി എല്ലാ ജില്ലകളിലും കോർ ടീമുകൾ രൂപീകരിച്ചിട്ടുണ്ട്.<br>കെ-സ്വിഫ്റ്റിന്റെ പ്രവർത്തനം പൂർണ്ണമാകുന്ന മുറയ്ക്ക് നിലവിലുള്ളതും പുതിയതുമായ വ്യവസായികൾക്ക് ആവശ്യമുള്ള എല്ലാ അനുമതികളും അതിവേഗം ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ